(ബി) റൂളിംഗ്

മി. സ്പീക്കർ: ഇത് അനന്തമായി നീട്ടരുത്. ഞാൻ പറയാം. ഇവിടെ പറയാനുള്ള കാര്യം ദീർഘമായി സംസാരിച്ചു. വളരെ ശാന്തമായി ചെയറിന്റെ റൂളിംഗ് കേൾക്കണം. കാര്യങ്ങളെല്ലാം പറയാം. ഒരാൾക്ക് പ്രിയങ്കരമായിട്ടൊന്നുമില്ല, ന്യായമായത് പറയും. .....പ്ലീസ്. ശ്രീ. ഹസ്സൻ ഇരിക്കൂ. ഇവിടെ റൂൾ 58 അനുസരിച്ച് നോട്ടീസുകൾ തന്നു. ശ്രീ. ഹസ്സൻ ഒരു നോട്ടീസ് തന്നു. അതേസമയംതന്നെ ശ്രീ. ജോണി നെല്ലൂർ, ശ്രീ. പി. സി. ജോർജ്, ശ്രീ. എം. പ്രകാശൻ മാസ്റ്റർ, ശ്രീ. പി. ജയരാജൻ, ശ്രീ. എ. കെ. ബാലൻ തുടങ്ങിയ മെമ്പർമാരും നോട്ടീസ് നൽകി. ആകെ അഞ്ചെണ്ണം തന്നു. അത് അനുവദിക്കാനുള്ള അവകാശം ചെയറിനാണ്. അതിനുള്ള നിബന്ധന Urgent-ആയി വന്ന, ആനുകാലിക പ്രസക്തിയും പ്രാധാന്യവുമുള്ളത് പരിഗണിക്കും. അതാണ് കീഴ്വഴക്കം. സ്വാഭാവികമായും നമ്മൾ 24-ാം തീയതി വരെയാണ് സഭ വച്ചിരുന്നത്. ബി.എ.സി. 16-ാം തീയതി കൂടാമെന്ന് നേരത്തെ തീരുമാനിച്ചു. ഇങ്ങനെ അധികം സംഗതികൾ വന്നപ്പോൾ സ്വീകരിക്കാനോ റിജക്ട് ചെയ്യാനോ ഉള്ള അവകാശം എനിക്കുണ്ടെങ്കിലും ഇന്നുവരെ സഭ കൂടുന്നു എന്ന് തീരുമാനിച്ചശേഷം സമയം നിശ്ചയിക്കുന്നത് ബി.എ.സി. ആണ്. മാരോ ഡിസ്കഷനും എത്ര സമയം കിട്ടുമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ കക്ഷി നേതാക്കളുടെ യോഗം ചേർന്നപ്പോൾ പറഞ്ഞത്, ഇത്രയും നോട്ടീസ് വന്നിട്ടുണ്ടെന്ന്. സ്വാഭാവികമായും പറഞ്ഞു, ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഗുണ്ടാ ആക്ടിനാണ് പ്രിഫറൻസ് നൽകിയത്. പ്രതിപക്ഷം പറഞ്ഞു അതിനെ സംബന്ധിച്ച റൂൾസ് ക്ലിയർ ആയിട്ടില്ല, കുറേക്കൂടി ദീർഘമായി ചർച്ച ചെയ്യേണ്ട വിഷയമാണ്, അതുകൊണ്ട് അതിന് സമയം കിട്ടില്ല, തിരക്കുകൂട്ടി ചെയ്യരുത് എന്ന്. മറ്റ് പല ബില്ലുകളുടെ കാര്യം പറഞ്ഞു, ഓർഡിനൻസുകളുടെ കാര്യവും പറഞ്ഞു. അവസാനം വേറെ ബിസിനസ് ഒന്നും ഇല്ലാത്തതിനാലും നിയമ നിർമ്മാണത്തിന് സാധിക്കാത്ത സാഹചര്യത്തിലും 21-ാം തീയതി നമുക്ക് കാര്യങ്ങൾ തീർക്കാമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് അന്ന് പിരിഞ്ഞത്. അങ്ങനെ ധാരണയുടെ അടിസ്ഥാനത്തിൽ, അഞ്ച് നോട്ടീസിനെ സംബന്ധിച്ചിടത്തോളം ഇന്നത് സ്വീകരിക്കണം, ഇന്നത് റിജക്ട് ചെയ്യണം എന്ന് ഞാൻ പറഞ്ഞില്ല. അതേസമയം ബി.എ.സി.-യുടെ തീരുമാനപ്രകാരം നിയമാനുസൃതമായി ഇന്നിവിടെ സർക്കുലേറ്റ് ചെയ്ത റിപ്പോർട്ടിൽ, ഭേദഗതി അവതരിപ്പിക്കാനുള്ള അവകാശം റൂൾ പ്രകാരമുണ്ട്. അത് സ്പീക്കറുടെ തീരുമാനമല്ല, ബി.എ.സി.-യുടെ തീരുമാനമാണ്. അതൊരു നിർദ്ദേശം മാത്രമാണ്, അത് തീരുമാനമല്ല, അതൊരു സജഷ്ഷനാണ്, പ്രൊപ്പോസലാണ്. അതൊരു തീരുമാനമാകുന്നത് സഭ അതിനെ അംഗീകരിക്കുമ്പോഴാണ്. ആ നിർദ്ദേശം ഇന്നിവിടെ കൊണ്ടുവന്നപ്പോൾ റൂൾ 215 പ്രകാരം ആർക്കും അതിൽ ഭേദഗതി അവതരിപ്പിക്കാം. ഭേദഗതി സ്വീകരിക്കാം, ഭേദഗതി റിജക്ട് ചെയ്യാം. അല്ലെങ്കിൽ ഇത് വീണ്ടും തിരിച്ചയയ്ക്കാൻ പറയാം. അതാണ് ഇതിന്റെ നിയമപ്രകാരമുള്ള പ്രശ്നം. ഇതിനെ സംബന്ധിച്ച് ശ്രീ. എം. എം. ഹസ്സൻ ഒരു നോട്ടീസ് തന്നു. ശ്രീ. പി. ജയരാജൻ തന്നു. പുതുതായി ഇന്ന് അവർ ഭേദഗതികൾ എഴുതിത്തന്നു. നിയമത്തിൽ പറയുന്ന ഭേദഗതികൾ സജസ്റ്റ് ചെയ്യാനുള്ള അവകാശം മെമ്പർക്കുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Right to the member ആണ്. മോഷൻ എന്നു പറയുന്നത് അമെന്റ്മെന്റ് അല്ല, അമെന്റഡ് ഫോമിൽ വേണമെങ്കിൽ ഈ മോഷൻ അദ്ദേഹത്തിന് അവതരിപ്പിക്കാം. ഭേദഗതികൾ അക്സപ്റ്റ് ചെയ്തിട്ടോ റിജക്ട് ചെയ്തിട്ടോ അദ്ദേഹം സഭാ നേതാവിനുവേണ്ടി. അവതരിപ്പിക്കുമ്പോൾ അതിലാണ് തീരുമാനമെടുക്കാനുള്ളത്. ഇതുവരെ നടന്ന നടപടിക്രമങ്ങളിൽ യാതൊരു അപാകതയുമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. പക്ഷേ ഇത്രയേറെ ചർച്ച ചെയ്യപ്പെട്ട അവസരത്തിൽ ഇനി കരണീയമായിട്ടുള്ള ഒരു കാര്യം ഒന്നുകിൽ രണ്ടാമതും ബി.എ.സി. കൂടാം. അല്ലെങ്കിൽ ഇവിടെത്തന്നെ ഒരു സമവായം ഉണ്ടാക്കാം. ആരും ചർച്ചകളിൽ നിന്ന് ഒളിച്ചോടാൻ തീരുമാനിച്ചിട്ടില്ല. പത്രങ്ങളിലും ചാനലുകളിലുമൊക്കെ ധാരാളം വന്നു. ഞാൻ അതേപ്പറ്റി ഒരു കമന്റും പറയുന്നില്ല. പക്ഷേ ദൗർഭാഗ്യകരമായ ഒരു കാര്യം നിയമസഭയുടെ നടപടിക്രമങ്ങളെക്കുറിച്ച് തെറ്റായ വ്യാഖ്യാനം വരുത്തി ജനപ്രതിനിധികളെ ചെറുതാക്കി കാണിക്കാനുള്ള ശ്രമങ്ങൾ അപലപനീയമാണ്. അവർക്ക് കൊടുത്ത സ്വാതന്ത്ര്യം അങ്ങനെ ദുരുപയോഗപ്പെടുത്തുന്നത് അനാരോഗ്യകരമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അത് ഭരണ കക്ഷിയുടേയോ പ്രതിപക്ഷത്തിന്റേയോ പ്രശ്നമല്ല, ഈ സഭയുടെ പൊതുവായ പ്രശ്നമാണ്. സഭയിൽ, ഇതേപ്പറ്റി ചില പത്ര വാർത്തകൾ കണ്ടതായി പറയുന്നു. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് ഇപ്പോൾ പോകുന്നില്ല. ഈ സാഹചര്യത്തിൽ ശ്രീ. എം. എം. ഹസ്സൻ തന്ന പ്രമേയവും ഈ ഭാഗത്തുനിന്ന് നാലഞ്ച് ആളുകളും തന്നിട്ടുണ്ട്. അല്ലെങ്കിൽ ഞാൻ ആദ്യം പറഞ്ഞപോലെ അങ്ങോട്ട് അയയ്ക്കുക, അല്ലെങ്കിൽ ചെയ്യാവുന്ന കാര്യം എനിക്ക് യുക്തമായ തീരുമാനമെടുക്കാം. ഏത് വേണമെന്ന് തീരുമാനിക്കാം. ഇന്നത്തെ സാഹചര്യത്തിൽ അങ്ങനെയൊരു തീരുമാനമെടുക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. കാരണം ഇനി ഇതിൽ വഴക്ക് വർദ്ധിക്കേണ്ട കാര്യമില്ല. അങ്ങനെയൊരു തീരുമാനമെടുക്കുമ്പോൾ പ്രതിപക്ഷത്തുനിന്ന് പല പ്രമേയങ്ങളും ഇവിടെ കൊണ്ടുവന്നു. ഞാൻ പലതും നോക്കി. ചിലതെല്ലാം വളരെ പഴയ കാര്യങ്ങളാണ്. 1992-ലേതും പി.യു.സി.-യിൽ പോയതും അതിൽ റിപ്പോർട്ട് അവതരിപ്പിച്ചതും ആക്ഷൻ ടേക്കണും ഒക്കെയായ കാര്യങ്ങളാണ്. ഞാൻ അതിന്റെ പ്രാധാന്യം കുറച്ച് കാണിക്കുന്നില്ല. പക്ഷേ അങ്ങനെയൊരു പോസ്റ്റ്മോർട്ടം എക്സാമിനേഷൻ ഇവിടെ നടത്തിയിട്ട് വലിയ കാര്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. അതുകൊണ്ട് റീസന്റ് ഒക്കറൻസായി ഇവിടെ വന്നിട്ടുള്ള രണ്ട് കാര്യങ്ങളിൽ തീരുമാനം ഞാനാണല്ലോ എടുക്കേണ്ടത്. അത് ചർച്ച ചെയ്തിട്ട് കാര്യമില്ല. ശ്രീ. എം. പ്രകാശൻമാസ്റ്ററുടെതും ശ്രീ. പി. ജയരാജന്റെതുമാണ് ഇവിടെ റീസന്റ് ഒക്കറൻസായി തന്നിട്ടുള്ളത്. മാർച്ച് 31-ന് അവസാനിച്ച വർഷത്തിൽ ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ട്, സർക്കാർ കമ്പനികളേയും സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളേയും സംബന്ധിക്കുന്ന പ്രത്യവലോകനങ്ങൾ സഭയിൽ ചർച്ച ചെയ്യാൻ കോടതി നിർദ്ദേശങ്ങൾ ഉണ്ടായിരുന്നിട്ടും ഒരു സ്വകാര്യ സ്ഥാപനത്തിൽ നിന്നും ഓർഡറാൽ വസൂലാക്കപ്പെട്ടു. ശ്രീ. പ്രകാശൻമാസ്റ്ററുടെ, ഇത് രണ്ടും റീസന്റ് ഒക്കറൻസായി ചെയർ കണക്കാക്കുന്നു. ..... (ബഹളം) ..... പ്ലീസ് ..... (ബഹളം) ..... ഇതിൽ ഗവൺമെന്റിന്റെ വശത്തുനിന്നും എന്തെങ്കിലും അഭിപ്രായം ഉണ്ടോ? ബി.എ.സി.-ക്ക് തിരിച്ചയക്കുന്നതിനെക്കുറിച്ച് എന്താണ് അഭിപ്രായം?

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഒരു ഹൗസിന്റെ സെൻസിനുവേണ്ടി ഇത് ഹൗസിന്റെ പ്രോപ്പർട്ടി ആയി വന്നതാണ്. ഹൗസിന്റെ ഡിസിഷൻ പോലെ അങ്ങ് ഒരു തീരുമാനം എടുക്കുക. ..... (ബഹളം) ..... പ്ലീസ് ..... (ബഹളം) ..... റൂൾ 58 അനുസരിച്ച് അഞ്ച് റൂളിംഗ് നൽകിയതിന്റെ ലിമിറ്റിനകത്തുനിന്നുകൊണ്ട് പ്രതിപക്ഷം നോട്ടീസ് നൽകിയതിൽനിന്നും ഒരു സബ്ജക്ട് എടുക്കാം. ഇവിടെ ഈ സബ്ജക്ടും എടുത്തോട്ടെ. അതിനനുസരിച്ച് തീരുമാനമെടുക്കുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട സ്പീക്കർ കക്ഷി നേതാക്കൻമാരുടെ യോഗം വിളിച്ചുചേർത്ത് തീരുമാനമെടുക്കുന്നതാണ് നല്ലത്. ഇപ്പുറത്തുനിന്നുകൂടി ഒരു സബ്ജക്ട് എടുക്കാനായി ഭരണപക്ഷം സമ്മതിച്ചിരിക്കുകയാണ്.

മി. സ്പീക്കർ: ഈ കാര്യങ്ങൾ ഇനി നീട്ടിക്കൊണ്ടുപോകേണ്ടതില്ല. റീസന്റ് ക്കെറൻസായി പ്രതിപക്ഷം കൊണ്ടുവന്ന ഒരു കാര്യവും ശ്രീ. എം. എം. ഹസ്സൻ കൊണ്ടുവന്ന പ്രമേയവും അനുവദിക്കാനാണ് ഞാൻ തീരുമാനിച്ചിരിക്കുന്നത്. പ്രതിപക്ഷം പലതും തന്നതുകൊണ്ട് അവരുടെ കക്ഷിനേതാക്കളുമായി ആലോചിച്ചിട്ട് ഏതാണെന്ന് തീരുമാനിക്കാം. ..... (ബഹളം) .....

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): Any member desirous of raising discussion on a matter.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട സ്പീക്കറെ അപമാനിക്കാൻ നടത്തുന്ന ഗൂഢാലോചനയുടെ ഭാഗമാണ് ഈ നടക്കുന്ന കാര്യങ്ങൾ. അങ്ങനെ വേണമെങ്കിൽ നമുക്ക് തീരുമാനിക്കാം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): അവർ പറയുന്ന ഒരു മാറ്റർ എടുക്കണം. പ്രതിപക്ഷത്തിന്റെ ഒരു മാറ്റർ എടുക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം.

മി. സ്പീക്കർ: ഈ കൺസിഡറേഷൻ കുറച്ചുനേരത്തേക്ക് നീട്ടിവയ്ക്കുന്നു. കാരണം നേരത്തെ പറഞ്ഞതിനെക്കുറിച്ച് ഒരു സമവായം ഉണ്ടാക്കാൻ കഴിഞ്ഞാൽ, ചർച്ച തുടങ്ങിയാലുടൻതന്നെ പ്രതിപക്ഷനേതാക്കളുമായി ചർച്ചചെയ്ത് ഒരു തീരുമാനം എടുക്കാം. കാര്യോപദേശക സമിതിയുടെ റിപ്പോർട്ട് സമർപ്പണവും റിപ്പോർട്ട് പരിഗണനയും മാറ്റിവയ്ക്കുന്നു.

റിപ്പോർട്ട് സമർപ്പണം (തുടർച്ച)

(2) പൊതുമേഖലാസ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ 99 മുതൽ 114 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. കെ. ശങ്കരനാരായണൻ: സർ, പൊതുമേഖലാസ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ 99 മുതൽ 114 വരെയുള്ള റിപ്പോർട്ടുകൾ സമിതി ചെയർമാനായ ശ്രീ. കടവൂർ ശിവദാസനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly